പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5440 — 31.10.2016 ൽ മറുപടിയ്ക്ക്

സി.ബി.ഐ. അന്വേഷണം നേരിടുന്ന വ്യക്തിയുടെ സപ്ലൈകോ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സി.ബി.ഐ. അന്വേഷണം നേരിടുന്ന ആർ.എൻ. സതീശൻ എന്ന വ്യക്തിയെ, അസാധാരണ നടപടിയിലൂടെ മെഡിക്കൽ ബിസിനസ് വിഭാഗത്തിന്റെ തലപ്പത്ത് നിയമിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡം വച്ചാണ്, മാവേലി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് 2004-2006 കാലങ്ങളിൽ കേന്ദ്ര പർച്ചേസിങ്ങ് വഴി മരുന്നുകൾ വാങ്ങി കൂട്ടിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കോടികളുടെ നഷ്ടമുണ്ടാക്കിയ കേസിൽ അന്വേഷണം നേരിടുന്ന ടിയാനെ നിയമിച്ചത് എന്ന് വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ശ്രീ. ആർ.എൻ.സതീഷ് ഡെപ്യൂട്ടി മാനേജരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് സി ബി ഐ അധികൃതരിൽ നിന്നും അഭിപ്രായം ആരാഞ്ഞിരുന്നു. 30.03.15 ലെ DP/CHN/2015/1416/3/23(A)/2007/ SPE/KER നം കത്തുപ്രകാരം ടി കേസ് ആരംഭഘട്ടത്തിലാണെന്നും ടിയാന് പ്രമോഷൻ നൽകുന്നതിന് സി.ബി.ഐ.ക്ക് യാതൊരു എതിർപ്പുമില്ലെന്നും അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 26.08.16 ൽ നടന്ന ബോർഡ് മീറ്റിംഗിൽ ടിയാന് പ്രമോഷൻ നൽകുവാൻ തീരുമാനിച്ചു. കൂടാതെ സ്പെഷ്യൽ ബിസിനസ്സ് വിഭാഗത്തിലെ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മാർക്കറ്റിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമമായി ചെയ്യുവാൻ കഴിയുമെന്നതിനാലാണ് ടിയാന് മെഡിക്കൽ വിഭാഗത്തിന്റെ ചുമതല കൂടി നൽകിയത്. |
| (ബി) പ്രസ്തുത നിയമനം പുന:പരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) മെഡിക്കൽ സ്റ്റോറുകളുടെ നിലവിലെ പ്രവർത്തനത്തിൽ ടിയാന്റെ പ്രവർത്തനം പ്രതികൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പുന:പരിശോധന നടപടി പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ